ESTD:1976

കാരവൽ

1196 തുലാം 20, 1442 റ.അവ്വൽ 19, 2020 നവംബർ 5 വ്യാഴം

പഞ്ചായത്ത് തെരഞ്ഞെടുപ്പിനു മുമ്പ്

സംസ്ഥാനത്തെ തദ്ദേശ തെരഞ്ഞെടുപ്പു പ്രഖ്യാപനം രണ്ടു ദിവസത്തിനുള്ളിൽ ഉണ്ടായേക്കുമെന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ സൂചിപ്പിച്ചുകഴിഞ്ഞു. ഇതിന്റെ മുന്നോടിയായുള്ള വോട്ടേഴ്സ് ലിസ്റ്റ് പരിഷ്ക്കരണം കുറ്റമറ്റതാക്കാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. സംവരണ വാർഡുകളും മേയർ, ചെയർമാൻ, പ്രസിഡണ്ട് സംവരണവും തെരഞ്ഞെടുപ്പു കമ്മീഷൻ പ്രഖ്യാപിച്ചു കഴിഞ്ഞു. രാഷ്ട്രീയ പാർട്ടികൾ, പ്രഖ്യാപിച്ചില്ലെങ്കിലും സ്ഥാനാർത്ഥികളെ ഒരുക്കി നിറുത്തിയിട്ടുണ്ട്. പലേടത്തും സ്ഥാനാർത്ഥിയാവുമെന്നുറപ്പുള്ളവർ പ്രചരണവും ആരംഭിച്ചു. അഴിമതി സംബന്ധിച്ചു സംസ്ഥാനത്ത് ഇപ്പോൾ നടക്കുന്ന അന്വേഷണങ്ങളും അതിലെ ഞെട്ടിപ്പിക്കുന്ന കണ്ടെത്തലുകളും മറ്റും തെരഞ്ഞെടുപ്പുകളുടെയും സ്ഥാനാർത്ഥികളുടെയും ഭരണത്തിന്റെയുമൊക്കെ അപകടകരമായ വ്യതിയാനങ്ങൾ മുന്നറിയിക്കുന്നുണ്ട്. ജീവിതത്തിന്റെ അവസാനം വരെ ജനങ്ങൾക്കും നാടിനുമൊപ്പം നിൽക്കുമെന്നു ജനങ്ങൾ വിശ്വസിച്ചിരുന്ന ഒരു പ്രത്യയശാസ്ത്രം ജനവിരുദ്ധമായി മാറിയെന്നു സമൂഹത്തിനു വിശ്വസിക്കേണ്ടിവരുന്നെങ്കിൽ അതിനു കാരണം പ്രത്യയശാസ്ത്രമാണെന്നു പറയാനാവില്ല. അതേസമയം പ്രത്യയശാസ്ത്രം പ്രാബല്യത്തിൽ വരുത്തിയവരുടെ മനോഭാവവും ഭാവിയെക്കുറിച്ചുള്ള വീക്ഷണവുമാണ് പ്രസ്ഥാനത്തെ ജനങ്ങൾക്കു മുന്നിൽ വികലമാക്കിയിട്ടുള്ളതെന്നു കരുതാതിരിക്കാനുമാവില്ല.

നിയമ വിരുദ്ധമായി പ്രവർത്തിക്കാനും അഴിമതിക്കും, ആദർശ പ്രസംഗം നടത്തി പശ്ചാത്തലമൊരുക്കുകയും ജനങ്ങളുടെ പിന്തുണക്കു നിഷേധാത്മക നിലപാടുകളും ധിക്കാരവും സംഘർഷവുമുണ്ടാക്കുകയും ചെയ്താൽ മതിയെന്നൊരു കീഴ്വഴക്കം സംസ്ഥാന രാഷ്ട്രീയം സമൂഹത്തിനു മുന്നിൽ തുറന്നു വച്ചിട്ടുണ്ട്. ഇത് ഭരണ രംഗമാകെ ആധിപത്യമുറപ്പിച്ചിട്ടുമുണ്ട്.

സ്വാതന്ത്ര്യം ലഭിച്ച് 73 വർഷമായിട്ടും അധികാരം അടിത്തട്ടിലെ ജനങ്ങളിൽ എത്തിയിട്ടില്ലെന്ന കണ്ടെത്തലിന്റെ ഭാഗമായാണ് രാഷ്ട്രപിതാവിന്റെ ഗ്രാമസ്വരാജ് സങ്കൽപ്പം യാഥാർത്ഥ്യമാക്കാൻ അധികാര വികേന്ദ്രീകരണം നടത്തിയത്. അതിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകൾ നിലവിൽ വന്നു. ഗ്രാമത്തിന്റെഭാവി സുരക്ഷിതവും സുഭിക്ഷവുമാക്കാനുള്ള അധികാരവും അവകാശവും ഗ്രാമീണർക്കു ലഭിച്ചു. പക്ഷേ, പ്രതീക്ഷിക്കാതെ കിട്ടിയ അമിതാധികാരവും പദവിയും മൂലം അതുവരെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഒതുങ്ങി നിന്നിരുന്ന അഴിമതി നാട്ടിൻപുറങ്ങളിലെത്തുകയായിരുന്നു. ഇന്നിപ്പോൾ പല തദ്ദേശ സ്ഥാപനങ്ങളും അഴിമതിയുടെ കേന്ദ്രങ്ങളായി പഞ്ചായത്തുഭരണത്തെ മാറ്റിക്കഴിഞ്ഞു.

അഴിമതി തടയാൻ കർശന നിയമങ്ങളുണ്ടെങ്കിലും അവയെയും അധികാരകേന്ദ്രങ്ങൾ നോക്കു കുത്തിയാക്കിയിരിക്കുന്നു. ഒപ്പം അവയും അഴിമതിയുടെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു.

അഴിമതി ഒരു നാട്ടുനടപ്പെന്ന നിലയും കടന്ന് ജീവിതത്തിന്റെ തന്നെ പ്രധാന ഘടകമായി മാറിയിരിക്കുന്നു. രാജ്യത്തിന്റെ ഭാവിയെയും പൊതു ജീവിതത്തെയും സമൂഹത്തെയും ഇത്തരത്തിലാക്കിയത് ഭരണ സ്ഥാപനവും ഭരണാധികാരികളും ഭരണ നിർവ്വാഹക സംഘവും നീതിന്യായ വിഭാഗവും ചേർന്നല്ലെന്ന് ആർക്കാണ് പറയാനാവുക? ഭരണ വിഭാഗത്തെ തിരുത്തേണ്ട ഭരണ നിർവ്വഹണ വിഭാഗം ഭരണ വിഭാഗത്തിന്റെ അടിമത്തം അനുഭവിക്കുന്നതു സുകൃതമാണെന്ന നിലയിലേക്കു മാറിക്കഴിഞ്ഞിരിക്കുന്നു. നീതിന്യായ നിർവ്വഹണ വിഭാഗത്തോട് സ്വതന്ത്ര ഭാരതത്തിന്റെ ആദ്യഘട്ടത്തിലുണ്ടായിരുന്ന മനോഭാവം മാറിയിട്ടില്ലെന്നു പറയാനാവുമോ?

എല്ലാ വ്യവസ്ഥകളെയും വ്യവസ്ഥിതികളെയും തകിടം മറിച്ചതും മറിക്കുന്നതും നമ്മുടെ രാഷ്ട്രീയ വ്യവസ്ഥിതിയാണെന്ന കാഴ്ചപ്പാട് ഈ സംഭവങ്ങൾ പകൽ പോലെ വെളിപ്പെടുത്തിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നമ്മുടെ നാട്ടിലെ പാർട്ടികൾക്കും നേതാക്കന്മാരായി നടക്കുന്നവർക്കും ജനങ്ങളുടെ പ്രതീക്ഷകൾ സഫലമാക്കാൻ കഴിയുമോ എന്ന് വിലയിരുത്താനുള്ള അവസരം ഇപ്പോൾ കൂടുതൽ വ്യക്തമായിരിക്കുന്നു. അഞ്ചുവർഷമോ അതിലധികമോ ജനസേവകരായിരുന്നവർക്ക് അഞ്ചു വർഷത്തിനിടയിലുണ്ടായ മാറ്റങ്ങളും നാടിന്റെ സ്ഥിതിയും വിലയിരുത്താനുള്ള അവസരവും ഇപ്പോഴുണ്ട്.

ജനാധിപത്യത്തിൽ ജനങ്ങളുടെ ഭാവി അവരിൽ ഓരോരുത്തരുമാണ് തീരുമാനിക്കേണ്ടത്. ജന പ്രതിനിധി എഴുത്തും വായനയും സാമാന്യ അറിവും വിവരങ്ങളും അറിയാനും വിലയിരുത്താനുമുള്ള കഴിവും ഉള്ളയാളായിരിക്കണം. ജനസേവനം ജീവിതവ്രതമാക്കിയവരായിരിക്കണം. സംശുദ്ധ ജീവിതത്തിന്റെ മാതൃകകളായിരിക്കണം. അല്ലാത്തവരെ ഇനിയും അധികാരത്തിൽ എത്തിക്കുന്നത് ഓരോരുത്തരും തങ്ങളോടു ചെയ്യുന്ന വഞ്ചന മാത്രമല്ല, പിൻമുറക്കാരോടു ചെയ്യുന്ന ക്രൂരതയുമായിരിക്കും. ഇക്കാര്യത്തിൽ ആലോചിക്കാനുള്ള അവസരം സമ്മതിദായകർക്കു ഇപ്പോഴുമുണ്ട്.

വഞ്ചനാ ദിനം ആചരിച്ചു

കാസർകോട്:യു.ഡി.എഫ്. സ്പീക്ക് അപ്പ് കേരള അഞ്ചാം ഘട്ട സമരത്തിന്റെ ഭാഗമായി സ്വർണക്കടത്ത് കേസിലെ പ്രതികളെ സംരക്ഷിക്കുകയും, അഴിമതികളുടെ കേന്ദ്രബിന്ദുവായി പ്രവർത്തിക്കുകയും ചെയ്യുന്ന മുഖ്യമന്ത്രിയും, മന്ത്രി ജലീലും രാജിവെച്ച് അന്വേഷണത്തെ നേരിടുക എന്ന ആവശ്യമുന്നയിച്ച് പുത്തരിയടുക്കം എട്ടാം വാർഡ് യുഡിഎഫ് കമ്മിറ്റി ചട്ടഞ്ചാലിൽ വഞ്ചനാദിനമാചരിച്ചു.

ശ്രീധരൻ മുണ്ടോൾ ആധ്യക്ഷം വഹിച്ചു. കൃഷ്ണൻ ചട്ടഞ്ചാൽ ഉദ്ഘാടനം ചെയ്തു.

റഊഫ്, മൊയ്തു, പി സി നസീർ, ശരീഫ്, അൻസാരി, നിയാസ് സി കെ,അബ്ദുല്ല, സിദ്ധീഖ്, മജീദ് എന്നിവർ പ്രസംഗിച്ചു.

ചട്ടഞ്ചാലിൽ യു ഡി എഫ് നടത്തിയ വഞ്ചനാദിനാചരണം

'കുറ്റവും ശിക്ഷയും' ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്ത്

രാജീവ് രവി സംവിധാനം ചെയ്യുന്ന ആസിഫ് അലി നായകനായ കുറ്റവും ശിക്ഷയും സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തുവിട്ടു. മനുഷ്യന് എന്തും ശീലമാകും, മയിരൻ എന്നാണ് പോസ്റ്ററിൽ പറയുന്നത്. ഇതേ വാചകം ഇംഗ്ലിഷിൽ എഴുതിയ പോസ്റ്ററും പുറത്തുവിട്ടിട്ടുണ്ട്.

കാസർകോടു നടന്ന കുപ്രസിദ്ധമായ ഒരു കവർച്ചയും തുടരന്വേഷണവുമാണ് പൊലീസ് ത്രില്ലറായ ചിത്രത്തിന്റെ പ്രമേയം. തൊണ്ടിമുതലും ദൃക്സാക്ഷിയും എന്ന ചിത്രത്തിലൂടെ പ്രശസ്തനായ സിബി തോമസിന്റേതാണ് കഥ. മാധ്യമപ്രവർത്തകനും തിരക്കഥാകൃത്തുമായ ശ്രീജിത്ത് ദിവാകരനും സിബി തോമസും ചേർന്നാണ് തിരക്കഥ തയ്യാറാക്കിയിരിക്കുന്നത്.

കേരളത്തിലും രാജസ്ഥാനിലുമായിട്ടായിരുന്നു കുറ്റവും ശിക്ഷയുടെ ചിത്രീകരണം. ഫിലിംറോൾ പ്രൊഡക്ഷൻസിന്റെ ബാനറിൽ അരുൺ കുമാർ വി. ആർ.നിർമ്മിക്കുന്ന ചിത്രത്തിൽ ആസിഫ് അലിക്ക് പുറമെ സണ്ണിവെയ്ൻ, അലൻസിയർ, ഷറഫുദ്ദീൻ, സെന്തിൽ എന്നിവരാണ് പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

അടുക്കളപ്പണി ആണുങ്ങൾക്കും ചെയ്യാം, എനിക്കതിൽ ഒരു നാണക്കേടുമില്ല ; സംവിധായകനായി ജോർജ് ഫാമിലി പാക്കുമായി കരിക്ക്വലിയപെരുന്നാൾ, തൊട്ടപ്പൻ, കിസ്മത്ത് എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ സുരേഷ് രാജനാണ് ഛായാഗ്രാഹകൻ. ബി.അജിത്കുമാർ എഡിറ്റിങ്. കലാസംവിധാനം: സാബു ആദിത്യൻ. സൗണ്ട്: രാധാകൃഷ്ണൻ. മേക്കപ്പ്: റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം.

സുജിത് മട്ടന്നൂർ, പ്രൊഡക്ഷൻ കൺട്രോളർ: ബിനു മണമ്പൂർ. വിതരണം: ഫിലിം റോൾ പ്രൊഡക്ഷൻസ്.

നിത്യാ മേനോനും വിജയ് സേതുപതിക്കുമൊപ്പം ഇന്ദ്രൻസും ഇന്ദ്രജിത്തും



വിജയ് സേതുപതി രണ്ടാം വട്ടം മലയാളത്തിലെത്തുന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ പുറത്തിറങ്ങി. 19 1 (മ) എന്നാണ് ചിത്രത്തിന്റെ പേര്. നിത്യാ മേനോൻ നായികയാവുന്ന ചിത്രത്തിന്റെ തിരക്കഥയും സംവിധാനവും നിർവഹിച്ചിരിക്കുന്നത് നവാഗതയായ ഇന്ദു വി.എസ് ആണ്. ഇന്ദ്രൻസ്, ഇന്ദ്രജിത്ത് എന്നിവരും ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. നടൻമാരായ പ്രിഥ്വിരാജും ദുൽഖറുമാണ് ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ പുറത്തു വിട്ടത്. ആന്റോ ജോസഫാണ് ചിത്രത്തിന്റെ പ്രൊഡ്യൂസർ. ഗോവിന്ദ് വസന്തയാണ് സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്നത്. മനേഷ് മാധവനാണ് ഛായാഗ്രഹണം. ഉടൻ തന്നെ ചിത്രീകരണം ആരംഭിക്കാൻ ഇരിക്കുന്ന ചിത്രം ഇപ്പോൾ പ്രീ പ്രൊഡക്ഷനിലാണ്. പൂർണമായും കേരളത്തിലാകും സിനിമ ചിത്രീകരിക്കുക.

ദിലീപ് ചിത്രം 'പ്രൊഫസർ ഡിങ്കന്റെ' നിർമ്മാതാവ് 5 കോടി പറ്റിച്ചു; മുഖ്യമന്ത്രിക്ക് പരാതിയുമായി പ്രവാസി വ്യവസായി

ദിലീപിനെ നായകനാക്കി ഒരുങ്ങുന്ന പ്രൊഫസർ ഡിങ്കൻ എന്ന ചിത്രത്തിന്റെ നിർമ്മാതാവിനെതിരെ മുഖ്യമന്ത്രിക്ക് പരാതി നൽകി പ്രവാസി വ്യവസായി റാഫേൽ.പി തോമസ്. ചിത്രത്തിന്റെ പേരിൽ അഞ്ച് കോടി രൂപ തന്നെ നിർമ്മാതാവ് സനൽ തോട്ടം പറ്റിച്ചെന്നാണ് റാഫേൽ പി തോമസിന്റെ പരാതി. കാശ് തട്ടിയെടുത്ത ശേഷം തനിക്കെതിരെ വധഭീഷണി മുഴക്കുകയാണ് എന്നും റാഫേൽ പരാതിയിൽ പറയുന്നു. പാതി പൂർത്തിയായ ചിത്രത്തിന്റെ ഭാഗങ്ങൾ കാണിച്ച് സനൽ തോട്ടം പലരിൽ നിന്നുമായി കാശ് തട്ടുകയാണെന്ന് റാഫേൽ ആരോപിച്ചു. നിലവിലെ കരാർ പ്രകാരം സിനിമയുടെ പൂർണമായ അവകാശം തനിക്കാണ്, എന്നാൽ അത് അനുവദിച്ചു തരാൻ സനൽ തയ്യാറാവുന്നില്ല. പ്രശസ്ത ഛായാഗ്രാഹകൻ രാമചന്ദ്ര ബാബുവായിരുന്നു ചിത്രത്തിന്റെ സംവിധായകൻ. ചിത്രത്തിന്റെ ഷൂട്ടിംഗ് ഷെഡ്യൂളുകൾ പല തവണകളായി നീളുകയും ഷൂട്ടിംഗ് മുടങ്ങുകയും ചെയ്തിരുന്നു. ഇതിനിടെയാണ് സംവിധായകൻ രാമചന്ദ്രബാബു മരണപ്പെട്ടത്. ഇതോടെ ചിത്രം അനിശ്ചിതത്തിലാവുകയായിരുന്നു. പൂർണമായും 3ഡിയിൽ ഒരുക്കുന്ന ചിത്രമായിരുന്നു പ്രൊഫസർ ഡിങ്കൻ. നമിത പ്രമോദ് ആണ് ചിത്രത്തിലെ നായിക. സംവിധായകൻ റാഫിയാണ് ചിത്രത്തിന് തിരക്കഥ ഒരുക്കിയത്. ഒരു മാജിക്കുകാരന്റെ വേഷമാണ് ദിലീപ് ചിത്രത്തിൽ അവതരിപ്പിക്കുന്നത്. ഒരു ദിവസം മാജിക്കിനിടെ നടക്കുന്ന അപകടത്തെ കേന്ദ്രീകരിച്ചാണ് ചിത്രത്തിന്റെ കഥ.അജു വർഗീസ്, സുരാജ് വെഞ്ഞാറമൂട് ശ്രിന്ദ തുടങ്ങിയവരാണ് ചിത്രത്തിലെ മറ്റു താരങ്ങൾ.

ദൃശ്യം 2 വിൽ എസ്.ഐ ആയി ആന്റണി പെരുമ്പാവൂരും; ചിത്രം പുറത്ത്

ദൃശ്യം 2വിന്റെ ചിത്രീകരണം ആരംഭിച്ചതിന് പിന്നാലെ ചിത്രത്തിന്റെ കഥയേയും കഥാപാത്രങ്ങളെയും കുറിച്ചുള്ള ചർച്ചകൾ സജീവമാകുകയാണ്. രണ്ടാം ഭാഗത്തിൽ ആദ്യ ഭാഗത്തിലെ കഥയുടെ തുടർച്ചയാകുമോ അതോ പുതിയ പ്രശ്നങ്ങളായിരിക്കുമോ ജോർജുകുട്ടിക്ക് നേരിടേണ്ടി വരിക എന്നെല്ലാം സാമൂഹ്യമാധ്യമങ്ങളിൽ ചർച്ച ഉയരുന്നുണ്ട്.

ഷൂട്ടിംഗ് സെറ്റിൽ നിന്നും പുറത്തുവരുന്ന ഓരോ ചിത്രങ്ങളും വലിയ ആഘോഷത്തോടെയാണ് ആരാധകർ സ്വീകരിക്കുന്നത്. ദൃശ്യത്തിന്റെ രണ്ടാം ഭാഗത്തിൽ നിർമ്മാതാവ് ആന്റണി പെരുമ്പാവൂരിന് പ്രധാന റോളുണ്ടെന്നാണ് ഇപ്പോൾ പുറത്തുവരുന്ന വാർത്തകൾ. ദൃശ്യത്തിൽ സ്ഥലം മാറിയെത്തുന്ന പൊലീസുകാരനായി അവസാന ഭാഗത്ത് മാത്രം വന്ന ആന്റണി പെരുമ്പാവൂരിന് ദൃശ്യം 2വിൽ മുഴുനീള റോളുണ്ടെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. എസ്. ഐ ആയാണ് ആന്റണി പെരുമ്പാവൂരെത്തുന്നത്.

2013ലാണ് മോഹൻലാൽ നായകനായി ജീത്തു ജോസഫ് സംവിധാനത്തിൽ ദൃശ്യം എത്തുന്നത്. 100 ദിവസത്തിനു മുകളിൽ തീയേറ്ററുകളിൽ പ്രദർശിപ്പിക്കപ്പെടുകയും പിന്നീട് ആറ് ഭാഷകളിലേക്ക് റീമേക്ക് ചെയ്യപ്പെടുകയും ചെയ്തു ദൃശ്യം. 50 കോടി ക്ലബിലെത്തിയ ആദ്യമലയാള ചിത്രം കൂടിയാണ് ദൃശ്യം.

ഫാമിലി ത്രില്ലർ കാറ്റഗറിയിലാണ് ദൃശ്യം ഒരുക്കിയതെങ്കിൽ ദൃശ്യം 2 ഒരു കംപ്ലീറ്റ് ഫാമിലി സിനിമ ആയിരിക്കും എന്നാണ് സംവിധായകൻ പറയുന്നത്. ഒരു കൊലപാതകത്തിൽ നിന്നും പൊലീസിനെ കബളിപ്പിച്ചുകൊണ്ട് വിദഗ്ധമായി രക്ഷപ്പെട്ട ജോർജുകുട്ടിയുടെ കഥയാണ് ദൃശ്യം സിനിമയിൽ പറയുന്നത്.

ആദ്യ ഭാഗത്തിൽ പ്രധാന കഥാപാത്രങ്ങളെ ചെയ്ത മോഹൻലാൽ, മീന തുടങ്ങിയവർ തന്നെയാണ് രണ്ടാം ഭാഗത്തിലും പധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏഴ് മാവോയിസ്റ്റുകൾ ഏറ്റുമുട്ടലിൽ കൊല്ലപ്പെടുകയുണ്ടായി. എന്നാൽ സാധുക്കളായ ചിലരെയാണ് വെടിവെച്ചു കൊന്നതെന്ന ആക്ഷേപം നിലനിൽക്കുന്നുണ്ട്. മാവോയിസ്റ്റുകൾ എന്ന് ആരോപിച്ച് ആളുകളെ വെടിവെച്ചു കൊല്ലുന്നതിനെ ഒരു തരത്തിലും ന്യായീകരിക്കാനാവില്ലെന്ന അഭിപ്രായം എക്കാലവും ശക്തമായി മുഴങ്ങിയിട്ടുണ്ട്.

മാവോയിസ്റ്റ് വേട്ടയും സർക്കാരും...

തണ്ടർ ബോൾട്ടും മാവോയിസ്റ്റുകളും തമ്മിലുള്ള ഏറ്റുമുട്ടൽ ഒരിക്കൽ കൂടി നമ്മുടെ സംസ്ഥാനത്ത് വാർത്തകളിൽ നിറഞ്ഞു നിൽക്കുകയാണ്.

വയനാട്ടിൽ ബാണാസുര വനമേഖലയിലാണ് കഴിഞ്ഞ ദിവസമുണ്ടായ ഏറ്റുമുട്ടലിൽ തമിഴ്നാട് തേനി സ്വദേശിയായ മാവോയിസ്റ്റ് വേൽമുരുകൻ (32) കൊല്ലപ്പെട്ടത്. പതിവ് പരിശോധനക്കിടെ എതിരെ വന്ന മാവോയിസ്റ്റ് സംഘം വെടിവെയ്ക്കുകയായിരുന്നുവെന്നും തിരിച്ചടിയിലാണ് ഇയാൾ കൊല്ലപ്പെട്ടതെന്നുമാണ് പൊലീസ് പറയുന്നത്.

സായുധരായ ആറംഗ മാവോയിസ്റ്റ് സംഘമാണ് വെടിവെച്ചതെന്നും ഇവരിൽ നിന്ന് റൈഫിളും ലഘുലേഖകളും പിടിച്ചെടുത്തതായും പൊലീസ് പറയുന്നു. എന്നാൽ വ്യാജ ഏറ്റുമുട്ടലാണ് നടന്നതെന്നും ഏകപക്ഷീയമായി മാവോയിസ്റ്റുകളെ വെടിവെച്ചുകൊല്ലുകയായിരുന്നുവെന്നും ആരോപിച്ച് മനുഷ്യാവകാശ സംഘടനകളും പ്രതിപക്ഷവും രംഗത്തെത്തിയിട്ടുണ്ട്. മാവോയിസ്റ്റിനെ വധിച്ചതുമായി ബന്ധപ്പെട്ട വിവാദമാണ് ഇപ്പോൾ ഈ സംഭവം വാർത്തകളിൽ നിറഞ്ഞു നിൽക്കാൻ കാരണം. 2019 ഒക്ടോബർ 28, 29 തീയ്യതികളിൽ അട്ടപ്പാടി മഞ്ചിക്കണ്ടിയിൽ നടന്ന ഏറ്റുമുട്ടലിന്റെ വാർഷികത്തോടനുബന്ധിച്ച് മാവോയിസ്റ്റുകൾ പ്രതികാരം ചെയ്യാനൊരുങ്ങുന്നുവെന്ന ഇന്റലിജൻസ് റിപ്പോർട്ടിനെ തുടർന്ന് പൊലീസ് തണ്ടർബോൾട്ട് സംഘം മേഖലയിൽ പരിശോധന ശക്തമാക്കിയിരുന്നു. ഇതിനിടയിലാണ് മാവോയിസ്റ്റു സംഘവുമായി ഏറ്റുമുട്ടൽ ഉണ്ടായതെന്നും ഒരാളെ വധിച്ചതെന്നുമാണ് വിശദീകരണം.

മാവോയിസ്റ്റ് വേട്ടയെ ന്യായീകരിച്ച് സർക്കാരും വ്യാജ ഏറ്റുമുട്ടലാണ് നടന്നതെന്ന വിമർശനത്തോടെ പ്രതിപക്ഷവും രംഗത്തു വന്നതോടെ വിവാദം കത്തിപ്പടരുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏഴ് മാവോയിസ്റ്റുകൾ ഏറ്റുമുട്ടലിൽ കൊല്ലപ്പെടുകയുണ്ടായി. എന്നാൽ സാധുക്കളായ ചിലരെയാണ് വെടിവെച്ചു കൊന്നതെന്ന ആക്ഷേപം നിലനിൽക്കുന്നുണ്ട്. മാവോയിസ്റ്റുകൾ എന്ന് ആരോപിച്ച് ആളുകളെ വെടിവെച്ചു കൊല്ലുന്നതിനെ ഒരു തരത്തിലും ന്യായീകരിക്കാനാവില്ലെന്ന അഭിപ്രായം എക്കാലവും ശക്തമായി മുഴങ്ങിയിട്ടുണ്ട്. ഒരു ജനാധിപത്യ രാജ്യത്തെ ജനങ്ങൾക്ക് അത് ഉൾക്കൊള്ളാൻ ഏറെ പ്രയാസകരം തന്നെ. മാവോയിസ്റ്റുകളുടേതും മനുഷ്യാവകാശ പ്രശ്നങ്ങളാണെന്നും ഇത് പരിഹരിക്കാൻ സർക്കാരുകളുടെ ഇടപെടൽ ആവശ്യമാണെന്നുമാണ് മനുഷ്യാവകാശ പ്രവർത്തകർ ഉയർത്തുന്ന കാര്യം. അതേ സമയം നിയമവും നീതിയും നിലനിൽക്കുന്ന നമ്മുടെ നാട്ടിൽ അതിനെ വെല്ലുവിളിച്ച് ആയുധം കൈയ്യിലേന്തുന്നവരോട് യാതൊരു ദാക്ഷീണ്യവും വേണ്ടെന്ന നിലപാടുള്ളവരും നമ്മുടെ രാജ്യത്തുണ്ടെന്ന കാര്യവും വിസ്മരിക്കുന്നില്ല. എന്ത് പ്രകോപനമുണ്ടായാലും നിഷേധങ്ങൾ സംഭവിച്ചാലും നിയമങ്ങൾ തെറ്റിച്ച് പ്രവർത്തിക്കുന്നത് നാട്ടിൽ ആരാജകത്വം സൃഷ്ടിക്കുമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷേ, ഏറ്റുമുട്ടലുകളും ഇതേ ചൊല്ലി വിവാദങ്ങളും ഉടലെടുക്കുമ്പോൾ എന്താണ് നടന്നതെന്നും സംഭവങ്ങളുടെ യാഥാർത്ഥ്യം എന്താണെന്നും ജനങ്ങളെ അറിയിക്കാനുള്ള ബാധ്യത ഭരണകൂടത്തിനുണ്ട്. എന്നാൽ എന്തൊക്കെയോ മറച്ചു വെക്കുന്ന നടപടികളാണ് പൊലീസിന്റെ ഭാഗത്തു നിന്നും കഴിഞ്ഞ ദിവസം മാവോയിസ്റ്റ് വധിക്കപ്പെട്ടപ്പോൾ ഉണ്ടായത്.

മാവോയിസ്റ്റ് ഭീഷണി സംബന്ധിച്ച് ഇന്റലിജൻസ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, ജില്ലകളിൽ വനമേഖലയോട് ചേർന്നുള്ള പൊലീസ് സ്റ്റേഷനുകൾക്കു ചുറ്റും കരിങ്കൽ മതിലുകളും മുള്ളുകമ്പി വേലിയും കെട്ടിയിട്ട് വർഷങ്ങളായി. മാവോയിസ്റ്റ് വെടിവെപ്പ് ചെറുക്കാൻ സ്റ്റേഷനുകൾക്ക് മുന്നിൽ മണൽ ചാക്കുകളും നിരത്തിയിരുന്നു. കാലഹരണപ്പെട്ട തോക്കുകളുമായി കാട്ടിൽ അലയുന്നവരെ വെടിവെച്ച് കൊല്ലുന്നതു കാടത്തമാണെന്ന മുറുമുറുപ്പ് സർക്കാരിന് നേതൃത്വം കൊടുക്കുന്ന ഇടതു മുന്നണിയിൽ നിന്നു തന്നെ ഉയർന്നു വന്നിട്ടുണ്ട്. മലപ്പുറം കരുളായിയിൽ രണ്ട് മാവോയിസ്റ്റുകളെ പൊലീസ് വെടിവെച്ച് കൊന്നതു ന്യായീകരിക്കാനാവില്ലെന്ന പരസ്യ നിലപാടുമായി സി പി ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ രംഗത്ത് വന്നിരുന്നു. കഴിഞ്ഞ വർഷം വയനാട് വൈത്തിരിയിൽ സി പി ജലീൽ എന്ന മാവോയിസ്റ്റ് പ്രവർത്തകൻ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട ശാസ്ത്രീയ പരിശോധനാ ഫലങ്ങൾ പൊലീസ് ഏകപക്ഷീയമായി വെടിവെയ്ക്കുകയായിരുന്നെന്ന സൂചനയിലേക്കാണ് വിരൽ ചൂണ്ടിയത്. ജലീലിന്റെ കൈവശമുണ്ടായിരുന്ന തോക്കിൽ നിന്ന് വെടിയുതിർന്നിട്ടില്ലെന്നാണ് ഫോറൻസിക് പരിശോധനാഫലം.

പൊലീസിന്റെ മാവോയിസ്റ്റ് വേട്ടകൾ സംബന്ധിച്ച് പുകമറ നിലനിൽക്കേ മനുഷ്യാവകാശ പ്രവർത്തകരുടെ ആരോപണങ്ങൾ പൊതു സമൂഹത്തെയും സ്വാധീനിക്കുന്നുണ്ട്.

2016 നവംബർ 24നാണ് നിലമ്പൂർ കരുളായി വനത്തിൽ സി പി ഐ മാവോയിസ്റ്റ് കേന്ദ്രകമ്മിറ്റി അംഗം കുപ്പു ദേവരാജനെയും മുതിർന്ന വനിതാ നേതാവ് അജിതയെയും വെടിവെച്ച് കൊന്നത്. 2019 ഒക്ടോബർ 28ന് പാലക്കാട് മഞ്ചക്കണ്ടി വനത്തിൽ മാവോയിസ്റ്റുകളായ മാണിവാസക്, കാർത്തി, അജിത, അരവിന്ദ് എന്നിവരെയും വധിച്ചു. 2019 മാർച്ച് ആറിനാണ് വയനാട് വൈത്തിരി ഉപവൻ റിസോർട്ട് പരിസരത്തുണ്ടായ വെടിവെപ്പിൽ സി പി ജലീൽ കൊല്ലപ്പെട്ടത്. നാലു വർഷത്തിനിടയിൽ ഏഴ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടുവെങ്കിലും ഒരിടത്തും ഒരു പൊലീസുദ്യോഗസ്ഥന് പോലും പരിക്കേറ്റില്ല. ഏറ്റുമുട്ടൽ വ്യാജമാണെന്ന ആരോപണം ഉയരുകയും പൊലീസ് ഭാഷ്യം തള്ളുന്ന ശാസ്ത്രീയ പരിശോധനാ ഫലങ്ങൾ പുറത്തുവരികയും ചെയ്തിട്ടും വെടിവെപ്പുകളുടെ സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല. കഴിഞ്ഞ ദിവസം നടന്നതും മാവോയിസ്റ്റുകളുമായുള്ള ഏറ്റുമുട്ടലാണെന്ന് പൊലീസ് പറയുന്നുണ്ടെങ്കിലും ദുരൂഹതകളേറെയുണ്ട്.

വെടിവെപ്പ് നടന്നെന്ന് പറയുന്ന സ്ഥലത്തേക്ക് മാധ്യമ പ്രവർത്തകർ ഉൾപ്പെടെ ആരെയും കടത്തിവിട്ടില്ല. കനത്ത പൊലീസ് സുരക്ഷയാണ് പ്രദേശത്ത് ഏർപ്പെടുത്തിയത്. അതാണ് സംശയത്തിനും വിവാദത്തിനും ഇടയാക്കുന്നത്.

യു കെ ദിനേശൻ